# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 229

27/01/2014 - ൽ മറുപടിക്ക്

### ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോവൂർ കുഞ്ഞുമോൻ.<br>ശ്രീ. എ.എ.അസീസ് | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയ ജലപാത എവിടം മുതൽ എവിടം വരെയാണ് നടപ്പിലാക്കുന്നത് ; | (എ) സംസ്ഥാനത്ത് ദേശീയ ജലപാത കൊല്ലം മുതൽ കോട്ടപ്പുറം വരെയാണ് നടപ്പിലാക്കുന്നത്. |
| ബി) എത്രഘട്ടമായാണ് ജലപാത നിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) ആകെ 205 കിമീ ദൈർഘ്യമുള്ള ദേശീയ ജലപാതയിൽ നിർമ്മാണപ്രവൃത്തികൾ നടത്തേണ്ടുന്ന ഭാഗങ്ങളിൽ ഒരുമിച്ചാണ് പണികൾ നടത്തിവരുന്നത്. |
| (സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി എന്ത് ചെലവാണ് പ്രതീക്ഷിക്കുന്നത്; | (സി) ഭൂമി ഏറ്റെടുക്കലിനും ഡ്രെഡ്ജിംഗിനും പാർശ്വ ഭിത്തി സംരക്ഷണത്തിനും മറ്റുമായി കേന്ദ്ര ബഡ്ജറ്റിൽ നാളിതുവരെ ആകെ 89.74 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇനി എത്ര കോടി രൂപ കൂടി വേണ്ടി വരുമെന്ന വിവരം ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) യിൽ നിന്നും കേന്ദ്ര ഷിപ്പിംഗും , റോഡ് ഗതാഗതവും, ഹൈവേയും മന്ത്രാലയം മുഖേന ലഭിക്കേണ്ടതുണ്ട്. |

(ഡി) പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ഡി) ഈ പദ്ധതി പൂർത്തീകരിക്കുവാൻ IWAI അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ട എല്ലാ തുടർനടപടികളും സ്വീകരിച്ചുവരുന്നു. മുഖ്യമന്ത്രി തലത്തിൽ ഉൾപ്പെടെയുള്ള ഉന്നതതല യോഗങ്ങൾ വിളിച്ചുകൂട്ടി പദ്ധതിയുടെ പുരോഗതി സമയാസമയം അവലോകനം ചെയ്തും വരുന്നു.

Sham

സെക്ഷൻ ഓഫീസർ